**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3240** **13-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടുവം കൂത്താട്ട് കുന്നിടിയലിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കൂത്താട്ട് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നത് തടയുന്നതിനും താഴ്വരയിൽ താമസിക്കുന്നവർക്ക് ആവശ്യമായ താമസസൗകര്യം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | **കണ്ണൂർ ജില്ലയിലെ** തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കൂത്താട്ട് പ്രദേശത്ത് മണ്ണിടിച്ചലിനെ തുടർന്ന് അപകട ഭീഷണിയുണ്ടായ പ്രദേശത്ത് NIT കോഴിക്കോടിന്റെയും, കണ്ണൂർ ജിയോളജിസ്റ്റിന്റെയും നേതൃത്വത്തിൽ പഠനം നടത്തുകയും, ആയത് പ്രകാരം പുനരധിവാസത്തിനായി ഏറ്റവും കൂടുതലായി ബാധിക്കപ്പെട്ട 4 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം പ്രശ്നബാധിതമെന്ന് തളിപ്പറമ്പ് തഹസിൽദാർ റിപ്പോർട്ട് ചെയ്ത മറ്റു രണ്ട് കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തതിൽ ധനസഹായം അനുവദിക്കുന്നതിന് സ്ഥലപരിശോധന നടത്തി വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ ഉപദേശക സമിതി (Advisory Committee for Landslide Risk Reduction) ടി സ്ഥലം പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സമിതിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ